(ബി) പ്രതിമാസം 500 രൂപ (അഞ്ഞൂറ് രൂപ) (ആശ്രിത പെൻഷൻ തുകയാണിത്)

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വീടിന് തീ പിടിച്ച് മരിച്ച സംഭവം

31 (31) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ വള്ളിക്കുന്നം കടുവുംകൽ പെരൂപട്ട പടീറ്റയിൽ വീട്ടിൽ മണിയും മകൻ വിനീതും 17-2-2000-ന് രാത്രി വീടിന് തീ പിടിച്ച് മരിച്ചു കിടന്ന സംഭവത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണം ഏത് ഘട്ടത്തിലാണ് ;

(ബി) വള്ളിക്കുന്നം പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമല്ലായെന്ന് കാണിച്ച് ഏതെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൽ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) അമ്മയും മകനും വീടും കത്തിക്കരിഞ്ഞ ഈ സംഭവത്തെക്കുറിച്ച് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മണിയും മകൻ വിനീതും മരണപ്പെട്ടത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് മാവേലിക്കര സി.ഐ. ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

(ബി & സി) ഉണ്ട്. പരാതി അന്വേഷണത്തിലാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

വി.ഐ.പി.കളുടെ സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

32 (32) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. അച്ച്യുതൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.ഐ.പി.കളുടെ സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഉപരാഷ്ട്രപതിയുടെ തിരുവനന്തപുരം സന്ദർശനത്തോടനുബന്ധിച്ച് സെക്യൂരിറ്റി സംവിധാനത്തിൽ പാകപിഴകൾ ഉണ്ടായതായ ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതോടാനുബന്ധിച്ച് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഉപരാഷ്ട്രപതി പങ്കെടുത്ത ചടങ്ങിൽ സംബന്ധിക്കാൻ ചെന്ന വി.ഐ.പി.യെ പോലീസ് തടഞ്ഞതായ ആരോപണം ഉണ്ടായിട്ടുണ്ടോ ; അതേ സംബന്ധിച്ച് അന്വേഷണം ഉണ്ടായിട്ടുണ്ടോ ;

(ഇ) മുഖ്യമന്ത്രിയുടെ സുരക്ഷിതയാത്രയ്ക്ക് തടസ്സം സൃഷ്ടിച്ചതിനു ട്രാൻസ്പോർട്ട് ബസ് പോലീസ് കസ്റ്റഡിയിൽ എടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ ; യാത്രക്കാരെ തടഞ്ഞുവയ്ക്കുകയുണ്ടായോ ?

ഉത്തരം

(എ)

1. ശ്രീ.ഇ.കെ.നായനാർ, മുഖ്യമന്ത്രി, ഇസഡ് കാറ്റഗറി
2. ശ്രീ.ഒ. രാജഗോപാൽ, കേന്ദ്ര സഹമന്ത്രി, ഇസഡ് കാറ്റഗറി
3. ശ്രീ. പിണറായി വിജയൻ, സി.പി.എം., സ്റ്റേറ്റ് സെക്രട്ടറി, ഇസഡ്കാറ്റഗറി
4. ശ്രീ. കെ. ഇ. ഇസ്മയിൽ, റവന്യൂ മന്ത്രി, വൈ.കാറ്റഗറി + പൈലറ്റ് എസ്കോർട്ട്
5. ശ്രീ. ടി.ശിവദാസമേനോൻ, ധനകാര്യ മന്ത്രി, വൈ.കാറ്റഗറി +പൈലറ്റ്
6. ശ്രീ.എ.കെ.ആന്റണി, പ്രതിപക്ഷ നോതാവ്, വൈ.കാറ്റഗറി
7. ശ്രീ.കെ.കരുണാകരൻ, എം.പി., വൈ.കാറ്റഗറി
8. ശ്രീ.ടി.വി.അനന്തൻ, പ്രാന്ത് ചാലക്-സംഘ്/ആർ.എസ്. എസ് - വൈകാറ്റഗറി
9. ചീഫ് ജസ്റ്റിസ്, കേരള ഹൈക്കോടതി വൈ- കാറ്റഗറി
10. ശ്രീ.കെ.സുധാകരൻ, എം.എൽ.എ, എക്സ്-കാറ്റഗറി
11. ശ്രീ.സി.കെ.പത്മനാഭൻ, ബിജെ.പി. സ്റ്റേറ്റ് പ്രസിഡന്റ് - എക്സ്, കാറ്റഗറി
12. ശ്രീ.എ. കണാരൻ, എം.എൽ.എ - എക്സ് കാറ്റഗറി
13. ശ്രീ. വി.എസ്.അച്ച്യുതാനന്ദൻ, എൽ.ഡി.എഫ്, കൺവീനർ, സി.കാറ്റഗറി
14. ശ്രീ.കോടിയേരി ബാലകൃഷ്ണൻ, സി.പി.എം. സ്റ്റേറ്റ് സെക്രട്ടേറിയറ്റ് അംഗം - എ കാറ്റഗറി

മറ്റ് സ്റ്റേറ്റ് മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ മുതലായവർക്ക് 'എ'

LIBRARY ARCHIVES Kerala Legislative Assembly

കാറ്റഗറി സംരക്ഷണം നൽകുന്നുണ്ട്. കൂടാതെ പ്രാദേശിക സുരക്ഷാ ഭീഷണിയുടെ അടിസ്ഥാനത്തിൽ കണ്ണൂരിൽ സർവ്വശ്രീ.ഇ.പി.ജയരാജൻ, പി.കെ.കൃഷ്ണദാസ്, പി. ജയരാജൻ, എം.വി.ജയരാജൻ, സി.കെ.പത്മനാഭൻ, എന്നീ നേതാക്കൾക്കും 'എ' കാറ്റഗറി സംരക്ഷണം നൽകുന്നുണ്ട്. ബഹു.ഇൻഡ്യൻ പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവർക്കും, കേന്ദ്ര സുരക്ഷാ സമിതി തിരഞ്ഞെടുത്ത എക്സ്, വൈ, ഇസഡ്, ഇസഡ് പ്ലസ് എന്നീ കാറ്റഗറികളിൽപ്പെട്ട വ്യക്തികൾക്കും, ഇൻഡ്യൻ യൂണിയനിലെ മറ്റ് സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും സംരക്ഷണം നൽകേണ്ട വ്യക്തികളായി കാറ്റഗറൈസ് ചെയ്തിട്ടുള്ളവർക്കും സംസ്ഥാനത്തിനകത്ത് സുരക്ഷാ സംവിധാനങ്ങൾ നൽകി വരുന്നുണ്ട്. നയതന്ത്ര ബന്ധമുള്ള രാജ്യങ്ങളിലെ പ്രതിനിധികൾക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരവും പ്രാദേശിക ഭീഷണിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്തിനകത്ത് സുരക്ഷാ നൽകുന്നുണ്ട്.

(ബി) ഉപരാഷ്ട്രപതിയുടെ തിരുവനന്തപുരം സന്ദർശനത്തോടനുബന്ധിച്ച് സെക്യൂരിറ്റി സംവിധാനത്തിൽ പാകപിഴകൾ ഒന്നും ഉണ്ടായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) മുഖ്യമന്ത്രിയുടെ സുരക്ഷിത യാത്രയ്ക്ക് ട്രാൻസ്പോർട്ട് ബസ് തടസ്സം സൃഷ്ടിച്ച സംഭവം ഉണ്ടായിട്ടില്ല.

ഡി.വൈ.എസ്.പി. ആഫീസുകൾ

33 (33) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡി.വൈ.എസ്.പി. ആഫീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര ഡി.വൈ.എസ്.പി. ആഫീസുകൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ ;

(സി) വർക്കലയിൽ ഒരു ഡി.വൈ.എസ്.പി. ആഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും എന്ന് ആരംഭിക്കുവാൻ കഴിയുമെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡി.വൈ.എസ്.പി.ആഫീസ് ഉൾപ്പെടെയുള്ള പോലീസ് ആഫീസുകളുടെ പുന:സംഘടന സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കണ്ണൂർ ജില്ലയിൽ പാനൂർ സബ്ഡിവിഷൻ താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയില്ല.

LIBRARY ARCHIVES Kerala Legislative Assembly